പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1850 01.11.2019-ലെ മറുപടിക്ക്

# ദുർഘട മേഖലകളിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്

ചോദ്യം

ശ്രീമതി. ഇ.എസ്.ബിജിമോൾ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുരുതര അപകടങ്ങൾ ഒഴിവാക്കുവാൻ അതിദുർഘട മലയോര മേഖലകളിലേക്ക് ദീർഘദൂര സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ പരിചയസമ്പന്നരായ മികച്ച ഡ്രൈവർമാരാണ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നത് എന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. നിയമാനുസൃത മാർഗ്ഗങ്ങളിലൂടെയാണ് യോഗ്യതയും പരിശീലനവും സിദ്ധിച്ച ജീവനക്കാരെ അതാത് ജോലിയ്ക്കായി നിയോഗിച്ചിരിക്കുന്നത്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി ആവശ്യമായ പരിശീലനം ഡ്രൈവർ വിഭാഗം ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും നൽകി വരുന്നുണ്ട്. എല്ലാ സർവ്വീസുകളും അപകട രഹിതമായി നടത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും കെ.എസ്.ആർ.ടി.സി കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ പ്രദേശങ്ങളുടെ പ്രത്യേകതയും റോഡിന്റെ നിലവാരവും കണക്കിലെടുത്ത് പ്രത്യേക വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഇത്തരത്തിൽ തരം തിരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**